# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3021

13/03/2018-ൽ മറുപടിയ്ക്ക്

## വൈകല്യ സൗഹൃദ പദ്ധതി

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഭിന്നശേഷിക്കാർക്ക് വീട് നിർമ്മിക്കാൻ സാമൂഹ്യനീതി വകുപ്പ്, വൈകല്യ സൗഹൃദ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുകയാണ് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | വൈകല്യ സൗഹൃദ പദ്ധതിയുമായി ബന്ധപ്പെട്ട് ഭിന്നശേഷിക്കാർക്ക് വീട് നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന തദ്ദേശസ്വയം ഭരണ വകുപ്പിന് ധനസഹായം നൽകുന്നില്ല. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് ഓരോ പഞ്ചായത്തിനും പ്രതിവർഷം എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | വൈകല്യ സൗഹൃദ പദ്ധതിക്കായി തദ്ദേശസ്വയംഭരണ വകുപ്പ് ഗ്രാമ പഞ്ചായത്തുകൾക്ക് നേരിട്ട് തുക അനുവദിക്കുന്നില്ല. |
| (സി) | 2014 മുതൽ 2018 വരെയുള്ള സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയ്ക്ക് എത്ര തുക അനുവദിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (സി) | 2014 മുതൽ 2018 വരെയുള്ള സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾക്ക് വൈകല്യ സൗഹൃദ ഭവന പദ്ധതിക്കായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് അനുവദിച്ച് നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പഞ്ചായത്തുകളെല്ലാം, പ്രസ്തുത ആവശ്യത്തിനായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുക ചെലവഴിക്കാത്ത | (ഡി) | ഇല്ല. ബദിയഡുക്ക?, ബളാൽ, ചെങ്കള, ചെറുവത്തൂർ, ദേലംപാടി, ഈസ്റ്റ് എളേരി, കള്ളാർ, കോടോം-ബേളൂർ, കുംബഡാജെ, മധൂർ, മംഗൽപ്പാടി, മഞ്ചേശ്വരം, മീഞ്ച, പടന്ന, പൈവളിഗെ, പള്ളിക്കര, |

| | | | |
|---|---|---|---|
| | പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | പുല്ലൂർ-പെരിയ, തൃക്കരിപ്പൂർ, വെസ്റ്റ് എളേരി എന്നീ ഗ്രാമ പഞ്ചായത്തുകൾ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത ആവശ്യത്തിനായി നൽകിയ തുക പഞ്ചായത്തുകൾ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾ മറ്റേതാവശ്യങ്ങൾക്കാണ് വകമാറ്റി ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; | (ഇ) | ഇല്ല. ഭവന നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് തുക ഗുണഭോക്താക്കൾക്ക് നൽകി വരുന്നു. |
| (എഫ്) | ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനായി നൽകുന്ന തുക മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കരുതെന്ന ചട്ടം പഞ്ചായത്തുകൾ ലംഘിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ സ്വീകരിക്കുന്ന നടപടികളെന്തെന്ന് വ്യക്തമാക്കാമോ? | (എഫ്) | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | അജാനൂർ | 600000 |
| 2 | ബദിയടുക്ക | 1800000 |
| 3 | ബളാൽ | 600000 |
| 4 | ബേഡഡുക്ക | 1800000 |
| 5 | ബെള്ളൂർ | 1800000 |
| 6 | ചെമ്മനാട് | 0 |
| 7 | ചെങ്കള | 1800000 |
| 8 | ചെറുവത്തൂർ | 1800000 |
| 9 | ദേലംപാടി | 1800000 |
| 10 | ഈസ്റ്റ് എളേരി | 600000 |
| 11 | എൻമകജെ | 0 |
| 12 | കയ്യൂർ-ചീമേനി | 2550000 |
| 13 | കിനാനൂർ-കരിന്തളം | 600000 |
| 14 | കള്ളാർ | 600000 |
| 15 | കാറഡുക്ക | 600000 |
| 16 | കോടോം-ബേളൂർ | 600000 |
| 17 | കുംബഡാജെ | 1800000 |
| 18 | കുമ്പള | 1800000 |
| 19 | കുറ്റിക്കോൽ | 600000 |
| 20 | മധൂർ | 1800000 |
| 21 | മടിക്കൈ | 2200000 |
| 22 | മംഗൽപ്പാടി | 600000 |
| 23 | മഞ്ചേശ്വരം | 1800000 |
| 24 | മീഞ്ച | 1800000 |
| 25 | മൊഗ്രാൽ പുത്തൂർ | 0 |
| 26 | മുളിയാർ | 690000 |
| 27 | പടന്ന | 1800000 |

| | | |
|---|---|---|
| 28 | പൈവളിഗെ | 1800000 |
| 29 | പള്ളിക്കര | 1800000 |
| 30 | പനത്തടി | 300000 |
| 31 | പിലിക്കോട് | 1800000 |
| 32 | പുല്ലൂർ-പെരിയ | 2000000 |
| 33 | പുത്തിഗെ | 600000 |
| 34 | തൃക്കരിപ്പൂർ | 400000 |
| 35 | ഉദുമ | 600000 |
| 36 | വലിയപറമ്പ | 1800000 |
| 37 | വോർക്കാടി | 1800000 |
| 38 | വെസ്റ്റ് എളേരി | 1800000 |

സെക്ഷൻ ഓഫീസർ